"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണം - ബജറ്റ് 2024-2025 - സംസ്ഥാന നിർമ്മിതി കേന്ദ്രം - 'കലവറയുടെ പ്രവർത്തനങ്ങൾ' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.32/2024/HSG തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:- 1. സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 14.05.2024-ലെ KESNIK/539/2023-OVSR2(TECH) നമ്പർ കത്ത്

2. 29.05.2024-ൽ ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾ ന്യായമായ വിലയ്ക്ക് വിൽക്കുവാൻ ലക്ഷ്യമിടുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'കലവറയുടെ പ്രവർത്തനങ്ങൾ' എന്ന പദ്ധതിയ്ക്കായി 2024-2025 സാമ്പത്തിക വർഷം 2216-80-101-99 എന്ന ശീർഷകത്തിൽ ₹50,00,000/- വകയിരുത്തിയിട്ടുണ്ട്.

2. 2024-25 സാമ്പത്തിക വർഷത്തെ 'കലവറയുടെ പ്രവർത്തനങ്ങൾ' പദ്ധതിയുടെ വിശദാംശങ്ങൾ പരാമർശം (1) പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പ്രകാരം ഈ വർഷം നിർമ്മാണ സാമഗ്രികൾ പഞ്ചായത്ത് തലത്തിലുള്ള ഔട്ട് ലെറ്റുകൾ/നിലവിലുള്ള കലവറകൾ വഴി സബ്സിഡി നിരക്കിൽ വിൽക്കുന്നതിനും കൊട്ടാരക്കരയിൽ പുതിയ കലവറ സ്ഥാപിക്കുന്നതിനുമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ അഭ്യർ ത്ഥിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ 29.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 'കലവറയുടെ പ്രവർത്തനങ്ങൾ' എന്ന പദ്ധതി നടപ്പാക്കുന്നതിന് ₹50,00,000/- നിജപ്പെടുത്തി പരാമർശം (2) അംഗീകാരം നൽകുകയും ചെയ്തു.

3. ഈ സാഹചര്യത്തിൽ, 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'കലവറയുടെ പ്രവർത്തനങ്ങൾ' പദ്ധതി നടപ്പാക്കുന്നതിന് നിലവിലുള്ള പൊതു വ്യവസ്ഥകൾക്കും നിബന്ധനകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി ₹50,00,000/- (അമ്പത് ലക്ഷം രൂപാ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2024-2025 സാമ്പത്തിക വർഷത്തെ 2216-80-101-99 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

i. പദ്ധതിയുടെ നിർവ്വഹണ ഏജൻസി സംസ്ഥാന നിർമ്മിതി കേന്ദ്രമായിരിക്കും. പദ്ധതിയുടെ നിർവ്വഹണത്തിന്റെയും ഫണ്ട് വിനിയോഗത്തിന്റെയും മേൽനോട്ടം നിർമ്മിതി കേന്ദ്രത്തിന്റെ നിരീക്ഷണ സംവിധാനത്തിന്റെ ചുമതലയായിരിക്കും.

ii. സർക്കാർ അംഗീകരിച്ച് നൽകിയ പ്രോജക്റ്റ് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.

iii. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

iv. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

v. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

vi. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ അധികരിക്കുവാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.

vii. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നൽകാവുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

viii. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

ix. ഈ പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോസഫൈൻ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിങ് ) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഐ& പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 15-06-2024 16:51:19
സെക്ഷൻ ഓഫീസർ